**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2457** **17-03-2022 - ൽ മറുപടിയ്ക്ക്**

**മുൻ എം.എൽ.എ.മാർ നിർദ്ദേശിച്ച പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മുൻ എം.എൽ.എ.മാർ അവരുടെ കാലയളവിൽ ആസ്തി വികസന ഫണ്ടും പ്രാദേശിക വികസന ഫണ്ടും ഉപയോഗപ്പെടുത്തി നിർമ്മാണം നടത്താൻ അനുമതി വാങ്ങിയ പദ്ധതികൾ മറ്റ് ഫണ്ടുകൾ ഉപയോഗിച്ച് പൂർത്തിയാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സാങ്കേതിക പ്രശ്നങ്ങളാൽ നടക്കാതെ പോയ അന്നത്തെ പദ്ധതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടില്ല. സാങ്കേതിക പ്രശ്നങ്ങളാൽ നടക്കാതെ പോയ അന്നത്തെ പദ്ധതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . |
| (ബി) | പ്രസ്തുത പ്രവൃത്തികൾ ക്യാൻസൽ ചെയ്ത് പുതിയ പ്രവൃത്തി എടുക്കുന്നതിന് മുൻ എം.എൽ.എ.യുടെ കത്ത് വേണമെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം വികസന പ്രവർത്തനങ്ങൾക്ക് ഉണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന് പരിഹാരം ആയി മുൻ എം.എൽ.എ മാർ അവരുടെ കാലയളവിൽ ആസ്തി വികസന/ പ്രാദേശിക വികസന ഫണ്ടുകൾ ഉപയോഗപ്പെടുത്തി നിർമ്മാണം നടത്താൻ അനുമതി വാങ്ങിയ പ്രവൃത്തികൾ ക്യാൻസൽ ചെയ്ത് പുതിയ പ്രവൃത്തി എടുക്കുന്നതിന് മുൻ എം.എൽ.എ.യുടെ കത്ത് വേണമെന്നുമുള്ള നിബന്ധന ഒഴിവാക്കിയിട്ടുണ്ട് |
| (സി) | അരൂർ മണ്ഡലത്തിൽ മുൻ എം.എൽ.എമാർ നിർദ്ദേശിച്ച എത്ര വർക്കുകളാണ് ക്യാൻസൽ ചെയ്ത് പുതിയ വർക്ക് എടുക്കുന്നതിന് അപേക്ഷ നൽകിയിട്ടുള്ളത്; ആയതിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (സി) | അരൂർ മണ്ഡലത്തിൽ മുൻ എം.എൽ.എ മാർ നിർദ്ദേശിച്ച 5 വർക്കുകളാണ് ക്യാൻസൽ ചെയ്ത് പുതിയ വർക്ക് എടുക്കുന്നതിന് അപേക്ഷ നൽകിയിട്ടുള്ളത്. ക്യാൻസൽ ചെയ്യാൻ നിർദ്ദേശിച്ച വർക്കുകളും ആയവയിൽ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

| | പ്രവൃത്തി | സ്വീകരിച്ച നടപടി |
|---|---|---|
| 1 | പെരുമ്പളം പഞ്ചായത്ത് ശാസ്ത്രാങ്കല - കോടാലിച്ചിറ റോഡ് | സ.ഉ(അച്ചടി) നം 119/2018/ധന തീയതി: 04.08.2018 ഉത്തരവിലെ ഖണ്ഡിക 3:16(ii) പ്രകാരം ശ്രീ എം.എം ആരിഫ അവർകൾ നിർദ്ദേശിച്ചിരുന്ന പ്രവൃത്തികൾ അഡ്വ.ഷാനിമോൾ ഉസ്മാൻ എം.എൽ.എ.യുടെ നിർദ്ദേശ പ്രകാരം റദ്ദ് ചെയ്തു |
| 2 | അരൂർ പോലീസ് സ്റ്റേഷന ് ചുറ്റുമതില് നിർമ്മാണവും കുളത്തിന് സംരക്ഷണ ഭിത്തി നിർമ്മാണം | |
| 3 | അരൂർ മണ്ഡലത്തിലെ വി വി എച്ച്. എസ്.എസ് കോടം തുരുത്തിന് ബസ് വാങ്ങൽ | |
| 4 | അരൂർ നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ വെയ്റ്റിംഗ് ഷെഡുകൾ | അരൂർ മുൻ എം.എൽ.എ ആരിഫ് അവർകൾ 2017-18 സാമ്പത്തിക വർഷം നിർദ്ദേശിച്ചരുന്ന ടി പ്രവൃത്തി റദ്ദ് ചെയ്ത് പുതിയ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് മുൻ എം.എൽ.എ അഡ്വ ഷാനിമോൾ ഉസ്മാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ടി പ്രവൃത്തിയുടെ നടപടിക്രമങ്ങൾ തുടർന്നുവരുന്ന സാഹചര്യത്തിൽ ആയത് റദ്ദാക്കുവാൻ സാധ്യമല്ല. |
| 5 | ചേന്നം പള്ളിപ്പുറം പഞ്ചായത്തിലെ പി.എച്ച്.സി സബ് സെന്റർ നിർമ്മാണം | എം.എൽ.എ ആസ്തി വികസന പദ്ധതി 2018-19 ഉൾപ്പെടുത്തി മുൻ അരൂർ എം.എൽ.എ അഡ്വ.ഷാനിമോൾ ഉസ്മാൻ അവർകൾ നിർദ്ദേശിച്ചിരുന്ന ടി പ്രവൃത്തിക്ക 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നെങ്കിലും നിർദ്ദിഷ്ട കെട്ടിടത്തിന് മുകളിലൂടെ ഇലക്ട്രിക്ക ലൈൻ കടന്ന് പോകുന്നതിനാൽ കെട്ടിട നിർമ്മാണം നടക്കുകയില്ല എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രവർത്തി റദ്ദ് ചെയ്യണമെന്ന അരൂർ നിയോജകമണ്ഡലം ബഹു.എം.എൽ.എ ആവശ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ 27.10.2020 ലെ സ.ഉ(അച്ചടി) നം 142/2020/ധന ഉത്തരവ പ്രകാരം ഏതെങ്കിലും കാരണത്താൽ എം.എൽ.എക്ക് മാറ്റമുണ്ടാകുന്ന പക്ഷം അതിനകം ഭരണാനുമതി ലഭിച്ച |

| | | |
|---|---|---|
| | | പ്രവൃത്തികൾ പൂർത്തിയാക്കാവുന്നതാണെന്നാണ് ഉത്തരവായിട്ടുള്ളത്. ആയതിനാൽ പ്രവൃത്തി റദ്ദ ചെയ്യുന്നതിനുള്ള അനുമതി നൽകി കൊണ്ടുള്ള മുൻ എം.എൽ.എ യുടെ കത്ത് ഇല്ലാത്തതിനാൽ ഭരണാനുമതി റദ്ദ് ചെയ്യിട്ടില്ല |